**A**

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

**503**

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2026-2027

## ഗണിതം

**ക്ലാസ് : 5**


**സമയം: 2 മണിക്കൂർ 15 മിനിറ്റ്**

### നിർദേശങ്ങൾ

1. ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
2. 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
3. 3, 5 എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതം ഉണ്ട്. അതിൽ ഒന്നു മാത്രം എഴുതിയാൽ മതി.

---

1\. a) ഈ ചതുരപ്പെട്ടി ഇതേ അളവിൽ വരയ്ക്കുക.




b) ഒരു ചതുരത്തെക്കുറിച്ച് ശരിയല്ലാത്ത പ്രസ്താവന താഴെ കൊടുത്തവയിൽ ഏതാണ്?

A. എതിർവശങ്ങൾ തുല്യമായിരിക്കും

B. എല്ലാ വശങ്ങളും എല്ലായ്പോഴും തുല്യമായിരിക്കും

C. അടുത്തടുത്ത വശങ്ങൾ പരസ്പരം കുത്തനെയായിരിക്കും

D. അടുത്തടുത്ത വശങ്ങൾ എപ്പോഴും തുല്യമാകണമെന്നില്ല

2\. ഏതാനും സംഖ്യകൾ ചുവടെ കൊടുക്കുന്നു.

15324821, 1537821, 150241, 158212, 157121

a) ഈ സംഖ്യകളെ വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമീകരിച്ചാൽ 158212 കഴിഞ്ഞു തൊട്ടടുത്തത് വരുന്ന സംഖ്യ ഏത്?

b) ഇവയിൽ ഏറ്റവും വലിയ സംഖ്യ ഏത്?

c) മുകളിലുള്ള സംഖ്യകളെ സംബന്ധിച്ച് ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു.

i. പത്തുലക്ഷത്തിനു മുകളിലുള്ള രണ്ടു സംഖ്യകളുണ്ട്.

ii. ഒരു കോടിയ്ക്ക് മുകളിലുള്ള സംഖ്യ ഇല്ല.

iii. ഒരു മില്യനിൽ താഴെയുള്ള സംഖ്യ ഇല്ല.

iv. ഒരു ബില്യനിൽ കൂടുതലുള്ള സംഖ്യ ഇല്ല.

മുകളിലെ പ്രസ്താവനകളുമായി ബന്ധപ്പെട്ട് താഴെ കൊടുത്തവയിൽ ശരിയായത് ഏത്?

A. i, ii ശരി B. iii ശരി

C. i, iv ശരി D. ii, iii ശരി

d) ഇവയിൽ പതിനഞ്ച് ലക്ഷത്തോട് അടുത്ത് നിൽക്കുന്ന സംഖ്യ ഏത്?

മൂന്നാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (3 A യും 3 B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

3.A. 58472 എന്നത് അക്കങ്ങൾ ആവർത്തിക്കാതെ എഴുതിയിരിക്കുന്ന ഒരു അഞ്ചക്ക സംഖ്യയാണ്.

a) ഈ അക്കങ്ങൾ ആവർത്തിക്കാതെ ഉപയോഗിച്ച് എഴുതാവുന്ന ഏറ്റവും വലിയ സംഖ്യ എഴുതുക.

b) ഈ അക്കങ്ങൾ ആവർത്തിക്കാതെ ഉപയോഗിച്ച് എഴുതാവുന്ന വലിയ അഞ്ചക്ക സംഖ്യയും ചെറിയ അഞ്ചക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസമായി വരുന്ന സംഖ്യയെക്കുറിച്ച് താഴെകൊടുത്തിട്ടുള്ളതിൽ ശരിയേത്?

A. 60000 നും 70000 നും ഇടയിലാണ്

B. 20000 നും 30000 നും ഇടയിലാണ്

C. 70000 നും 80000 നും ഇടയിലാണ്

D. 30000 നും 40000 നും ഇടയിലാണ്

c) 8, 5, 4 എന്നീ അക്കങ്ങൾ മാത്രം ഉപയോഗിച്ച് എഴുതാവുന്ന ഒരു അഞ്ചക്ക ഇരുവഴി സംഖ്യ എഴുതുക.

d) 5, 8, 4, 3 എന്നീ അക്കങ്ങൾ ആവർത്തിക്കാതെ നൂറിന്റെ സ്ഥാനത്ത് 8 വരുന്ന എല്ലാ നാലക്കസംഖ്യകളും എഴുതുക.

**അല്ലെങ്കിൽ**

3.B

a) 3, 0, 8, 1, 4 അക്കങ്ങൾ ആവർത്തിക്കാതെ എഴുതാവുന്ന ഏറ്റവും വലിയ സംഖ്യ ഏതാണ്?

b) 3, 0, 8, 1, 4 എന്നീ അക്കങ്ങൾ ആവർത്തിക്കാതെ എഴുതാവുന്ന ഏറ്റവും വലിയ അഞ്ചക്ക സംഖ്യയുടെയും ഏറ്റവും ചെറിയ അഞ്ചക്ക സംഖ്യയുടെയും തുകയായി വരുന്ന സംഖ്യയെക്കുറിച്ച് ശരിയായത് ഏത്?

A. ഒരു ലക്ഷത്തിൽ കുറവാണ്

B. 80000 നും 90000 നും ഇടയിലാണ്


C. 80000 ൽ താഴെയാണ്

D. 10000 നും 11000 നും ഇടയിലാണ്


c) 3, 8, 4 എന്നീ അക്കങ്ങൾ ഉപയോഗിച്ച് എഴുതാവുന്ന 5 അക്കമുള്ള ഒരു ഇരുവഴി സംഖ്യയാണ് 83438. ഇതേ അക്കങ്ങൾ ഉപയോഗിച്ച് മറ്റൊരു ഇരുവഴി സംഖ്യ എഴുതുക.

d) 3, 8 എന്നീ അക്കങ്ങൾ മാത്രമുള്ള ഒരു ആറക്ക ഇരുവഴി സംഖ്യ എഴുതുക.

4. a) 4 സെ.മീ ആരമുള്ള വൃത്തം വരച്ച് ചിത്രത്തിൽ കാണുന്ന വൃത്തചിത്രം വരയ്ക്കുക.



b) 2 സെ.മീ ആരമുള്ള 3 വൃത്തങ്ങൾ പരസ്പരം ചേർത്ത് വരച്ചിരിക്കുന്നു. 3 വൃത്തങ്ങളുടെയും കേന്ദ്രങ്ങൾ ചേർത്ത് വരച്ച വരയുടെ നീളം താഴെ കൊടുത്തവയിൽ ഏതാണ്?



A. (3 x 2) സെന്റിമീറ്റർ  B. (4 x 2) സെന്റിമീറ്റർ

C. (3 x 4) സെന്റിമീറ്റർ  D. (5 x 2) സെന്റിമീറ്റർ

**അഞ്ചാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (5 A യും 5 B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.**

5.A

a) $17 \times 16$ന് തുല്യമല്ലാത്തത് ഏത്?

A. (10 x 16) + (7 x 16)  B. (20 x 16) - (3 x 16)

C. (17 x 10) + (17 x 6)  D. (17 x 6) + (17 x 1)

b) പട്ടിക പൂർത്തിയാക്കി 48 x 27 ന്റെ ഗുണനഫലം കാണുക.

| | 40 | **8** |
|---|---|---|
| 20 | | |
| 7 | | |

c) $16 \times 36$ നെ ഒരേ സംഖ്യകളുടെ ഗുണനഫലമായി എഴുതുക.

d) 1 = 1

1 + 2 + 1 = 4

1 + 2 + 3 + 2 + 1 = 9

1 + 2 + 3 + 4 + 3 + 2 + 1 = 16

...................................

...................................

ഈ പാറ്റേൺ തുടർന്നാൽ ഇരുപതാമത്തെ വരിയിലെ സംഖ്യകളുടെ തുക എത്ര?

**അല്ലെങ്കിൽ**

5.B

a) 25 x 25 ന് തുല്യമല്ലാത്തതേത്?

A. (10 x 25) + (15 x 25)

B. (20 x 25) + (5 x 25)

C. (30 x 25) - (5 x 25)

D. (15 x 25) + (15 x 25)

b) വിട്ടുപോയഭാഗം പൂർത്തിയാക്കി ഗുണനഫലം കാണുക.

| | 30 | ..... |
|---|---|---|
| ..... | 600 | ..... |
| 4 | ...... | 20 |

c) 1 = 1

1 + 3 = 4

1 + 3 + 5 = 9

1 + 3 + 5 + 7 = 16

തുടർന്നുള്ള രണ്ടുവരികൾ എഴുതുക. അമ്പതാമത്തെ വരിയിലെ സംഖ്യകളുടെ തുക എത്ര?

6. a) കോളം 1 ലെ ഗുണനക്രിയകൾക്ക് തുല്യമായ ഗുണനക്രിയകൾ കോളം 2 ൽ ഉണ്ട്.

| (1) | | (2) |
|---|---|---|
| 1) 14 x 8 | - | a) 20 x 56 |
| 2) 24 x 7 | - | b) 70 x 10 |
| 3) 35 x 20 | - | c) 12 x 14 |
| 4) 40 x 28 | - | d) 7 x 16 |

ശരിയായി യോജിപ്പിച്ചത് താഴെക്കൊടുത്തവയിൽ ഏതാണ്?

A. 1 – d 2 – c 3 – a 4 - b

B. 1 – d 2 – a 3 – c 4 - b

C. 1 – d 2 – c 3 – b 4 - a

D. 1 – d 2 – a 3 – c 4 - b

b) ഒരു സംഖ്യയെ 28 കൊണ്ട് ഗുണിച്ചപ്പോൾ 2128 കിട്ടി. ആ സംഖ്യയുടെ അടുത്ത സംഖ്യയെ 28 കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന സംഖ്യയേത്?

c) ഒരു സ്കൂളിൽ 98 ആൺകുട്ടികളും 102 പെൺകുട്ടികളും ഉണ്ട്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാവർക്കും പേപ്പർബാഗ് കൊടുത്തു. ഒരു ബാഗിന് 12 രൂപയാണ് വില. ആകെ എത്ര രൂപ ചെലവു വരും?